(7) ജ്യോമെട്രിക്കൽ ഡ്രായിങ് (ലോവർ) അഥവാ പ്രാക്ടിക്കൽ പ്ലെയിൻ ആന്റ്സോളിഡ് ജ്യോമെട്രി (ലോവർ)

(8) മെൻസുറേഷൻ (ലോവർ)

**അല്ലെങ്കിൽ**

(ഇ) തിരുവനന്തപുരം എൻജിനീയറിങ് കോളേജിലെ രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്

**അല്ലെങ്കിൽ**

(എഫ്) ഇന്ത്യ ഗവൺമെന്റിന്റെ തൊഴിൽ കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, തൃശ്ശൂർ , ചാലക്കുടി, കണ്ണൂർ, അല്ലെങ്കിൽ മറ്റെവിടെയെങ്കിലുമോ നടത്തുന്ന 18 മാസത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് കോഴ്സും 6 മാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗും പൂർത്തിയാക്കിയശേഷം ലഭിച്ച ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) അല്ലെങ്കിൽ ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ ) ഡിപ്ലോമ.

കുറിപ്പ് :- (i) 18 മാസത്തെ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളെ അവർ പ്രാക്ടിക്കൽ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടില്ലെങ്കിലും യോഗ്യരായി പരിഗണിക്കുന്നതാണ്. എന്നാൽ പ്രസ്തുത ഉദ്യോഗാർത്ഥികളുടെ നിയമനങ്ങൾ പ്രൊവിഷണലായിരിക്കും. ആറുമാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് പൂർത്തിയാക്കിയതിനു ശേഷം അവരുടെ നിയമനങ്ങൾ റഗുലറൈസ് ചെയ്യുന്നതാണ്.

(ii) 6 മാസത്തെ പ്രാക്ടിക്കൽ ട്രെയിനിംഗ് കൂടാതെ ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ആയോ ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) ട്രേഡിൽ പ്രൈവറ്റ് കാൻഡിഡേറ്റുകൾക്ക് നൽകുന്ന ക്രാഫ്റ്റ്സ്മാൻഷിപ്പ് ഡിപ്ലോമ (ട്രേഡ് ടെസ്റ്റ് സർട്ടിഫിക്കറ്റ് ) ഈ തസ്തികയിലേക്കുള്ള ഒരു ബദൽ വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കുന്നതാണ്.

**അല്ലെങ്കിൽ**

(ജി) സിവിൽ അഥവാ മെക്കാനിക്കൽ എൻജിനീയറിംഗിൽ ഉള്ള കേരള ഗവൺമെന്റ് സർട്ടിഫിക്കറ്റ് എക്സാമിനേഷൻ

**അല്ലെങ്കിൽ**

(എച്ച്) കുറഞ്ഞത് 3 വർഷത്തെ ഫുൾടൈം അപ്രന്റീസ്ഷിപ്പിനു ശേഷം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) അഥവാ ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) ട്രേഡിൽ ലഭിക്കുന്ന നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ്

**അല്ലെങ്കിൽ**

(ഐ) ഗവൺമെന്റ് നടത്തുന്ന ഓവർസിയേഴ്സ് കോഴ്സ് .

**അല്ലെങ്കിൽ**

(ജെ) കെ.ജി.ടി.ഇ. / എം.ജി.ടി.ഇ യുടെ സർവ്വേയിങ് ആന്റ് ലെവലിംഗ് (ഹയർ ) ഉം താഴെ പറയുന്ന ഏതെങ്കിലും മൂന്ന് പരീക്ഷകളും പാസ്സായിരിക്കണം

(1) ബിൽഡിംഗ് ,ഡ്രായിങ് ആന്റ് എസ്റ്റിമേറ്റിങ് (ഹയർ)

(2) ബിൽഡിംഗ് മെറ്റീരിയൽസ് ആന്റ് കൺസ്ട്രക്ഷൻ (ഹയർ)

(3) എർത്ത് വർക്സ് ആന്റ് റോഡ് മേക്കിങ് (ഹയർ)

(4) അപ്ലൈഡ് മെക്കാനിക്സ് (ഹയർ )

(5) ഹൈഡ്രോളിക്സ് ആന്റ് ഇറിഗേഷൻ (ഹയർ)

**അല്ലെങ്കിൽ**

(കെ) സംസ്ഥാനത്ത് വിമൻസ് പോളിടെക്നിക്കുകളിൽ നിന്നും സിവിൽ എൻജിനീയറിംഗിൽ രണ്ട് വർഷത്തെ കോഴ്സിനുശേഷം ലഭിച്ചിട്ടുള്ള ഡിപ്ലോമ

